# നവകേരള സദസ്സ്

## പ്രൊസീഡിംഗ്സ് നമ്പർ- 100/2023 IVO -3, LSGD ,Idukki dtd

## 16/03/2024

പരാതിക്കാരൻ - ഡോക്കറ്റ് നമ്പർ **IDK 0918977** ശ്രീമതി. ലളിതാംബിക കെ.കെ,
കപ്പകാലായിൽ , അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്
എന്നയാളുടെ പണി പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ ലഭ്യമാക്കുന്നത്.
സംബന്ധിച്ച പരാതി

## സെക്രട്ടറിയുടെ റിപ്പോർട്ട്

ശ്രീമതി. ലളിതാംബിക കെ.കെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ പണിതിരിക്കുന്ന കെട്ടിടത്തിന് **PWD** റോഡിൽ നിന്നും **2.40** മീറ്റർ ദൂരപരിധി ആണ് ഉള്ളത്. **54** ച.മീ വിസ്തീർണ്ണമുള്ള താമസത്തിനു വേണ്ടിയുള്ള ടി. കെട്ടിടം **4** ച.മീ. വിസ്തീർണ്ണമുള്ള കടമുറി ഉൾപ്പെടെയുള്ളതാണ് . **PWD** റോഡിൽ നിന്നും ദൂരപരിധി പാലിക്കാത്തതുമൂലമാണ് നമ്പർ നൽകാത്തത് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തീരുമാനം

ശ്രീമതി. ലളിതാംബിക കെ.കെ താമസിച്ച വരുന്ന വീടിന് നമ്പർ അനുവദിക്കുന്നതിന് തടസ്സം ഇല്ല എന്ന് ഉടുമ്പൻചോല തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട്. **PWD** റോഡിൽ നിന്നുള്ള ദൂരപരിധിയിൽ കുറവ് ഉള്ളതിനാലാണ് സെക്രട്ടറിക്ക് നമ്പർ അനുവദിക്കാൻ സാധിക്കാത്തത്. ടി സാഹചര്യത്തിൽ ശ്രീമതി. ലളിതാംബിക കെ.കെ താമസിക്കുന്ന 4 ച.മീ. കടമുറി ഉൾപ്പെടെയുള്ള 54 ച.മീ.കെട്ടിടത്തിന് അപേക്ഷക ആവശ്യപ്പെടുന്ന പക്ഷം ഭവനമായി കണക്കാക്കികൊണ്ട് U/A നമ്പർ നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം U/A നമ്പർ അനുവദിക്കുകയാണെങ്കിൽ പഞ്ചായത്ത് രാജ് നിയമത്തിലെ 235 AA പ്രകാരം നികുതി ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ ടി കെട്ടിടത്തിന് നികുതി ഒഴിവാക്കി നൽകേണ്ടതാണ്. ഇതോടൊപ്പം 2019 നവംബർ 7-ാം തീയതിയ്ക്ക് മുമ്പായി നിർമ്മാണം പൂർത്തീകരിച്ചതായ ടി അനധികൃതകെട്ടിടം സ.ഉ(പി) നമ്പർ 21/2024 യ LSGD തീയതി 09/02/2024 നമ്പർ ഉത്തരവ് പ്രകാരം ഉടൻ പ്രാബല്യത്തിൽ വരുന്ന 2024 ലെ കേരള ഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം ) ചട്ടങ്ങൾ പ്രകാരമുള്ള ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കപ്പിക്കുന്നതിന് വേണ്ട സഹായവും ചെയ്ത്

നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി കൊണ്ട് ഫയൽ നടപടികൾ അവസാനിപ്പിക്കുന്നു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603